പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2650

06.11.2019 ലെ മറുപടിയ്ക്ക്.

**നെന്മിനി പ്രീ-മെട്രിക് ഹോസ്റ്റലിന്റെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി : | | എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
| (എ) | പെരിന്തൽമണ്ണ ബ്ലോക്കിലെ നെന്മിനി പ്രീ-മെട്രിക് ഹോസ്റ്റലിന്റെ കെട്ടിടനിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് 01.06.2019 ന് ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | നെൻമേനി പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം നിരപ്പാക്കി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി പ്രതിമാസം വിലയിരുത്തുന്ന തരത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആരെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി 21/08/2019- ന് ഡയറക്ടർ തലത്തിലും 01/10/2019-ന് സർക്കാർ തലത്തിലും നടത്തിയ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി അവലോകന യോഗത്തിലും വിലയിരുത്തിയിരുന്നു. കൂടാതെ പ്രവൃത്തിയുടെ പുരോഗതി നിരീക്ഷിക്കുന്നതിനായി മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസറെയും നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട് . |
| (സി) | ഹോസ്റ്റലിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നീളുന്നതുമൂലം വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | നടപ്പ് സാമ്പത്തിക വർഷം തന്നെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ